# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2817 06.11.2019 -ലെ മറുപടി

### ജലശക്തി അഭിയാൻ പദ്ധതി

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**
**,, എ. എൻ. ഷംസീർ**
**,, വി. ജോയി**
**,, എം. നൗഷാദ്**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ ജലനിരപ്പ് ഗണ്യമായി താഴ്ന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭൂജലവകുപ്പും, കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല സമ്പത്ത് കണക്കാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2017 മാർച്ച് വരെയുള്ള പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ഭൂജല ലഭ്യത – 5.21 BCM ആണ്. സംസ്ഥാനത്തെ ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത വിഭാഗത്തിലും, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ, ഗുരുതര വിഭാഗത്തിലും, 30 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിലും 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗങ്ങളിലും ഉൾപ്പെടുന്നു. 2013 മാർച്ച് വരെയുള്ള പഠനത്തിൽ 18 ബ്ലോക്കുകൾ ഭാഗിക ഗുരുതര വിഭാഗത്തിൽ ആണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ പുതിയ പഠന റിപ്പോർട്ട് പ്രകാരം 12 ബ്ലോക്കുകൾ കൂടി അധികമായി ഭാഗിക ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 2013-ൽ ഭൂജല ലഭ്യത 5.65 BCM ആയിരുന്നു. 2017-ലെ പഠനങ്ങൾ പ്രകാരം ആകെ ഭൂജലസമ്പത്തിൽ 2013 - നെ അപേക്ഷിച്ച് 0.44 BCM കുറവ് സംഭവിച്ചിട്ടുണ്ട്. |
| ബി) | ഭൂഗർഭ ജലലഭ്യത ഉയർത്താൻ ലക്ഷ്യമിട്ടുള്ള 'ജലശക്തി അഭിയാൻ' സംസ്ഥാനത്തെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ | ബി) | ഇല്ല. ഇതിനായി ഭൂജലവകുപ്പിന് പ്രത്യേക ഫണ്ടുകൾ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഭൂജലവകുപ്പ് |

<table>
<tr><td></td><td>ഭൂജലവകുപ്പ് തീരുമാനമെടുത്തി ട്ടുണ്ടോ;</td><td></td><td>തീരുമാനം എടുത്തിട്ടില്ല.</td></tr>
<tr><td>സി)</td><td>പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നതെന്ന് അറിയിക്കാമോ;</td><td>സി)</td><td>പ്രസ്തുത പദ്ധതി സംസ്ഥാനത്തെ അമിതചൂഷിത, ഗുരുതര ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്.</td></tr>
<tr><td>ഡി)</td><td>പ്രസ്തുത പദ്ധതി പ്രകാരം കുഴൽ കിണറുകളുടെ റീ ചാർജിംഗ്, പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണം തുടങ്ങിയവയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td><td>ഡി)</td><td>ഭൂജലവകുപ്പ് ജലശക്തി അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>ബ്ലോക്ക്</th><th>പദ്ധതി</th><th>എണ്ണം</th><th>തുക (ലക്ഷത്തിൽ)</th></tr>
<tr><td rowspan="6">പാലക്കാട്</td><td rowspan="4">ചിറ്റൂർ</td><td>തടയണ</td><td>4</td><td>30.22</td></tr>
<tr><td>തുറന്ന കിണർ റീചാർജ്ജ്</td><td>2</td><td>2.44</td></tr>
<tr><td>ബോർവെൽ റീചാർജ്ജ്</td><td>2</td><td>2.23</td></tr>
<tr><td>ബോധവൽക്കരണ സെമിനാർ</td><td>5</td><td>2</td></tr>
<tr><td rowspan="2">മലമ്പുഴ</td><td>തുറന്ന കിണർ റീചാർജ്ജ്</td><td>2</td><td>4</td></tr>
<tr><td>ബോധവൽക്കരണ സെമിനാർ</td><td>5</td><td>2</td></tr>
<tr><td rowspan="5">കാസർ ഗോഡ്</td><td rowspan="5">കാസർ ഗോഡ്</td><td>തുറന്ന കിണർ റീചാർജ്ജ്</td><td>5</td><td>10</td></tr>
<tr><td>റീചാർജ്ജ് പിറ്റ് പദ്ധതി</td><td>2</td><td>7.5</td></tr>
<tr><td>കുഴൽ ക്കിണർ റീചാർജ്ജ്</td><td>5</td><td>7.5</td></tr>
<tr><td>ബോധവൽക്കരണ സെമിനാർ</td><td>5</td><td>2</td></tr>
<tr><td>ആകെ</td><td>37</td><td>69.89</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | കൂടാതെ ബഹു. കാസർഗോഡ് ജില്ലാ കളക്ടറുടെ 25.09.2019 - ന് നടന്ന യോഗ തീരുമാന പ്രകാരം flushing/revival of borewells എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 കുഴൽക്കിണറുകൾ നവീകരിക്കുന്നതിനായി കാസർഗോഡ് ജില്ലാ ഓഫീസറെയും, നവീകരണം നടത്തേണ്ട കുഴൽക്കിണറുകളുടെ വിവരം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്രീയ വിദ്യാലയ നമ്പർ - 1, കാസർഗോഡ്, ഗവൺമെൻറ് ആയുർവേദ താലൂക്ക് ഹോസ്പിറ്റൽ, കാസർഗോഡ്, എന്നിവിടങ്ങളിൽ കുഴൽക്കിണറുകർ നവീകരിച്ച് പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ നവീകരണം നടത്തേണ്ട കുഴൽക്കിണറുകളുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. കൂടാതെ ഒക്ടോബർ 2-ന് CPCRI-ൽ വച്ച് ജലശക്തി അഭിയാൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ കാർഷിക മേളയിൽ പൊതുജനങ്ങൾക്ക് ഭൂജലസംരക്ഷണത്തിന് പ്രാധാന്യം വ്യക്തമാക്കുന്ന ഒരു സ്റ്റാളും ഭൂജലവകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്.<br>പാലക്കാട് ജില്ലയിലെ ജലശക്തി അഭിയാൻ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ നേതൃത്വത്തിൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ഉൾപ്പെട്ട ഒരു സ്റ്റീയറിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഭൂജലസംരക്ഷണ പ്രവർത്തനങ്ങളും ബോധവൽക്കരണ സെമിനാറുകളും ആണ് വകുപ്പ് ജലശക്തി അഭിയാൻ പദ്ധതിയിൽ പാലക്കാട് ജില്ലയിലെ അമിത ചൂഷിത, ഗുരുതര ബ്ലോക്കുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**